# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1608 — 12/06/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | എ) | ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഭൂമിയുള്ളഭവന രഹിതരായി സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹരായി കണ്ടെത്തിയ 87573 പേരിൽ 86192 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് വീടുപണി ആരംഭിച്ചിട്ടുണ്ട് |
| ബി) | എത്ര പേർക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; അവശേഷിക്കുന്ന ഭവനരഹിതർക്ക് ഈ വർഷം ഭവന നിർമ്മാണം നടത്താൻ സാധിക്കുമോ; | ബി) | ഇതുവരെ, 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായി കണ്ടെത്തുന്ന ഭവന രഹിതർക്ക് ഈ വർഷം തന്നെ ഭവന നിർമ്മാണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) | ലൈഫ് പദ്ധതിക്കായി ഏതെല്ലാം ഫണ്ടുകളാണ് ഉപയോഗിക്കുന്നത്; ഇതിൽ ഓരോ ഏജൻസിയുടെയും വിഹിതം വിശദമാക്കാമോ; | സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെപദ്ധതി വിഹിതം (20%), സംസ്ഥാന സർക്കാർ വിഹിതം, ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതം എന്നീ ഫണ്ടുകളാണ് ലൈഫ് ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 80,000/- രൂപ വീതവും സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപാ വീതവും ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി 2.20 ലക്ഷം രൂപയുമാണ് ഭവന പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും നൽകുന്നത്. |
| ഡി) | ഇ എം എസ് ഭവന പദ്ധതിക്ക് ശേഷവും സംസ്ഥാനത്ത് ഇത്രയും ഭവനരഹിതർ ഉള്ളതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ